**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ചൂലൂശ്ശേരിയിലെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലൂശ്ശേരിയിലെ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ), ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു. പദ്ധതിക്ക് സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി RDSS രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |
| (ബി) | ചൂലൂശ്ശേരിയിൽ നിർമ്മാണപ്രവർത്തനം പൂർത്തിയായ പോൾകാസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ചൂലിശ്ശേരിയിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയായ പോൾകാസ്റ്റിംഗ് യാർഡിൽ നിന്നും 8 മീറ്ററിന്റെ 34560 എണ്ണവും, 9 മീറ്ററിന്റെ 9216 എണ്ണവും പോളുകൾ നിർമ്മിക്കുന്നതിലേയ്ക്കായി മത്സര സ്വഭാവമുള്ള ദർഘാസുകൾ 02.10.2024-ന് ക്ഷണിച്ചിട്ടുണ്ട്. 29.10.2024-ന് പ്രസ്തുത ദർഘാസുകൾ തുറക്കും. |

സെക്ഷൻ ഓഫീസർ